# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 700　　　11.03.2015 - ൽ മറുപടിയ്ക്ക്

**വാതിലുകളും ജനലുകളും തുറന്നിട്ട് ശസ്ത്രക്രിയ**

| **ചോദ്യം**<br>ശ്രീ. വി. ശിവൻകുട്ടി : | **മറുപടി**<br>**ശ്രീ. വി. എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
|---|---|
| (എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എയർകണ്ടീഷണർ പ്രവർത്തിക്കുന്നില്ല എന്ന കാരണം പറഞ്ഞ് വാതിലുകളും ജനലുകളും തുറന്നിട്ട് ഓപ്പറേഷൻ തീയേറ്ററുകളിൽ ശസ്ത്രക്രിയ നടത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) എങ്കിൽ പ്രസ്തുത മനുഷ്യാവകാശ ലംഘനം നടത്തിയവർക്കെതിരെ എന്തു നടപടിയെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന വ്യക്തമാക്കുമോ? | (എ) & (ബി)<br>തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 2004-ൽ സ്ഥാപിച്ച എയർ കണ്ടീഷണർ പ്ലാന്റാണ് ഇപ്പോഴും പ്രവർത്തിച്ചു വരുന്നത്. ഇവ ഇതുവരെയും നല്ല രീതിയിൽ പ്രവർത്തിക്കുകയായിരുന്നു. എന്നാൽ ഇപ്പോൾ ഇതിന്റെ പ്രവർത്തനം മന്ദഗതിയിലായത് ശ്രദ്ധയിൽ പ്പെടുകയുണ്ടായി. ആയതിനാൽ ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്ലാന്റ് സ്ഥാപിച്ചത് ബ്ലൂസ്റ്റാർ എന്ന കമ്പനിയാണ്. പ്ലാന്റിന്റെ അറ്റകുറ്റ പണികൾക്കും, ചില ഭാഗങ്ങൾ മാറ്റി വയ്ക്കുന്നതിനുമായി അടങ്കൽ തുകയായ 10,35,966/- രൂപയ്ക്ക് എസ്റ്റിമേറ്റ് നൽകുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തു. വാർഷിക അറ്റകുറ്റ പണികൾക്കുള്ള 7 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി എച്ച്.ഡി.എസ്. മുഖേന നടപ്പിലാക്കാനാണ് ഗവൺമെന്റ് അനുമതി നൽകിയിട്ടുള്ളത്. എത്രയും വേഗം പണി പൂർത്തിയാക്കാമെന്ന് കമ്പനി ഉറപ്പ് നൽകിയിട്ടുണ്ട്. ഇപ്പോൾ എയർ കണ്ടീഷണറുകൾ നന്നായി പ്രവർത്തിച്ചുവരുന്ന തീയേറ്ററുകളിൽ മാത്രമാണ് ഓപ്പറേഷൻ നടന്നുവരുന്നത്. ഇതുമൂലം രോഗികൾക്ക് യാതൊരു വിധമായ ബുദ്ധിമുട്ടുകളും നേരിടേണ്ടി വരുന്നില്ല. ജനാലകളും വാതിലുകളും തുറന്നിട്ട എന്നുള്ള വാർത്ത തികച്ചും അടിസ്ഥാനരഹിതമാണ്. ഇതിൽ മനുഷ്യാവകാശ ലംഘനം ഒന്നും തന്നെ ഇല്ല. |

സെക്ഷൻ ഓഫീസർ